(ഇ)&(എഫ്) അന്വേഷണം നടത്തിയതിൽ വിഗ്രഹങ്ങൾ മോഷണം പോയിട്ടില്ലെന്ന് തെളിഞ്ഞിട്ടുണ്ട്.

79 (2389) കാസർഗോഡ് പോലീസ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കാൻ നടപടി

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡുള്ള പോലീസ് ക്വാർട്ടേഴ്സുകൾ തീരെ സൗകര്യമില്ലാത്തതും, ജീർണ്ണിച്ച് അപകടനിലയിൽ ഉള്ളവയുമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ എല്ലാ പോലീസുകാർക്കും താമസിക്കുവാൻ ആവശ്യമായ ക്വാർട്ടേഴ്സുകൾ ഇല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ ക്വാർട്ടേഴ്സുകൾ നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത ക്വാർട്ടേഴ്സുകളുടെ നിർമ്മാണം എന്നേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്നറിയിക്കുമോ?

ഉത്തരം

(എ) കാസർഗോഡുള്ള പോലീസ് ക്വാർട്ടേഴ്സുകൾക്ക് ആവശ്യമുള്ളത്ര സൗകര്യങ്ങൾ ഇല്ല എന്നും എല്ലാ പോലീസുകാർക്കും താമസിക്കുവാൻ ആവശ്യമായ ക്വാർട്ടേഴ്സുകൾ ഇല്ല എന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)&(സി) ധനലഭ്യത അനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

80 (2390) ഗുരുമന്ദിരം ആക്രമിച്ച കേസ്സിലെ പ്രതികൾ

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 ഫെബ്രുവരി 1-ാം തീയതിക്കുശേഷം സംസ്ഥാനത്ത് നടന്ന ശ്രീനാരായണഗുരു മന്ദിര ആക്രമണങ്ങളുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര പ്രതികളെ പോലീസ് അറസ്റ്റുചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് ഏതേതുസ്ഥലങ്ങളിൽ നടന്ന ഗുരുമന്ദിര ആക്രമണങ്ങളുമായി ബന്ധപ്പെട്ടാണ് ഈ പ്രതികളെ പിടിച്ചിട്ടുള്ളത്; പ്രതികളായി പിടിച്ചിട്ടുള്ളവരുടെ വിലാസം വ്യക്തമാക്കുന്ന ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഓരോരുത്തരുടേയും പേരിലും ഏതു വകുപ്പുപ്രകാരമാണ് കേസ്സ് ചാർജ്ജ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിൽ 2000 മാർച്ച് 4-ന് മുമ്പ് അറസ്റ്റു ചെയ്യപ്പെട്ടവർ ആരെല്ലാം?

ഉത്തരം

(എ) ഏഴു പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്.

(ബി) ബാലരാമപുരം കട്ടച്ചൽക്കുഴി ഗുരുമന്ദിരം, കൊല്ലം എസ്.എൻ.ഡി.പി. യോഗം ആഫീസിന് മുൻവശമുള്ള ഗുരുമന്ദിരം, കൊല്ലം മുണ്ടയ്ക്കൽ

LIBRARY ARCHIVES Kerala Legislative Assembly

വില്ലേജിൽ ഉദയമാർത്താണ്ഡപുരം ചേരിയിൽ കപ്പലണ്ടി മുക്കിനുസമീപമുള്ള ഗുരുമന്ദിരം, ചെങ്ങന്നൂർ എസ്.എൻ.ഡി.പി. 97-ാം നമ്പർ ശാഖ ഗുരുമന്ദിരം, എന്നിവ ആക്രമിച്ചതുമായി ബന്ധപ്പെട്ട കേസ്സുകളിലായി താഴെപ്പറയുന്നവരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്.

1. ഷാജി, മുണ്ടുവിള വീട്, ഉച്ചക്കട, വെങ്ങാന്നൂർ.
2. അനി, പ്രാക്കുറു വിളവീട്, വെങ്ങാന്നൂർ, കട്ടച്ചാൽക്കുഴി.
3. സുരേഷ്, കാവടിവിളാകംവീട്, സിസിലിപുരം, വെങ്ങാന്നൂർ
4. ബിജു, പുത്തൻവീട്, ഉച്ചക്കട, വെങ്ങാന്നൂർ
5. ബിനു, മാറലവിളാകത്തുവീട്, കോട്ടുകാൽ.
6. കൊല്ലം മുണ്ടയ്ക്കൽ ഉദയമാർത്താണ്ഡപുരം ചേരിയിൽ കപ്പലണ്ടിമുക്കിനു സമീപം ശാന്തപുരയിൽ വീട്ടിൽ രാജൻ.
7. ചെങ്ങന്നൂർ തിട്ടമേൽ മുറിയിൽ പുത്തൻപറമ്പിൽ വീട്ടിൽ വർക്കി മകൻ രാജനെന്നുവിളിക്കുന്ന കോശി.

(സി) ബാലരാമപുരം പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നം.54/2000 കേസ്സിൽ ഇന്ത്യൻ ശിക്ഷാനിയമം 143, 147, 148, 149, 295, 427, 506(2) എന്നീ വകുപ്പുകൾ പ്രകാരവും കൊല്ലം ഈസ്റ്റ് പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 100/2000 കേസ്സിൽ ഐ.പി.സി. 295, 447, 427 എന്നീ വകുപ്പുകൾ പ്രകാരവും ചെങ്ങന്നൂർ പോലീസ് രജിസ്റ്റർചെയ്ത ക്രൈം നമ്പർ 83/2000 കേസ്സിൽ ഐ.പി.സി. 295, 427 എന്നീ വകുപ്പുകൾ പ്രകാരവുമാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഡി) ഏഴ് പ്രതികളേയും അറസ്റ്റ് ചെയ്തത് മാർച്ച് 4-ന് മുമ്പാണ്.

81 (2391) കൃാഷ്ബുക്കിൽ കൃത്രിമം കാണിച്ച് പണാപഹരണം നടത്തിയ സംഭവം

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സെൻട്രൽ ജയിലിൽ കൃാഷ് ബുക്കിൽ കൃത്രിമം കാണിച്ച് പണാപഹരണം നടത്തിയ സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് അക്കൗണ്ടന്റായി ജോലിനോക്കിയിരുന്ന ആളെ സസ്പെന്റ് ചെയ്തിട്ടുണ്ടോ;

(സി) എത്ര രൂപയുടെ പണാപഹരണമാണ് നടന്നത്;

(ഡി) ഈ സംഭവത്തിൽ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഇ) പണാപഹരണം സംബന്ധിച്ച് ഡിപ്പാർട്ടുമെന്റ് തലത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ)&(ബി) ഉണ്ട്.

(സി) ഇരുപതിനായിരത്തി ഇരുന്നൂറ്റി രണ്ട് രൂപ മുപ്പത് പൈസയുടെ ക്രമക്കേടാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ഡി) വിജിലൻസ് അന്വേഷണം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly